പ്രാധനമന്ത്രിയുടെ കുമരകം പാക്കേജ് പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ

67 (2515) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. കെ. മണി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. എ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ കുമരകം പാക്കേജ് പ്രകാരം നാളികേര ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നവർക്ക് കേരവികസന ബോർഡ് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട് ;

(ബി) സംസ്ഥാനത്ത് എന്തെല്ലാം നാളികേരോല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) കേര വികസന ബോർഡിൽ നിന്നുള്ള ആനുകൂല്യം ഇവർക്ക് ലഭിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അത് വാങ്ങികൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നാളികേര ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നവർക്കായി പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് ഏകദേശം 41 നാളികേരോൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. അവയിൽ ചിലത് താഴെപറയുന്നു :

കൊപ്ര, വെളിച്ചെണ്ണ, കയർ അരിഞ്ഞുണങ്ങിയ തേങ്ങ, ചിരട്ട കൊണ്ടുള്ള വിവിധ കരകൗശലവസ്തുക്കൾ, ചിരട്ടപ്പൊടി, ചാരക്കോൾ, തെങ്ങാക്രീം, സംസ്കരിച്ചതേങ്ങാപ്പാൽ, പായ്ക്കു ചെയ്ത ഇളനീർ വിനാഗിരി, നാറ്റാ-ഡി, കൊക്കൊ, ഉരുക്കുവെളിച്ചെണ്ണ, കയർ, ജിയോടെക്സ്റ്റയിൽസ്, തെങ്ങിൻതടി ഉൽപ്പന്നങ്ങൾ, തേങ്ങപൗഡർ, തേങ്ങാപ്പാൽ പൗഡർ, ഉപ്പേരി, ചോക്കലേറ്റ്, കുക്കീസ്, ബിസ്ക്കറ്റുകൾ, പുഡിംഗ്, രസഗുള, ചമ്മന്തിപ്പൊടി തുടങ്ങിയവ

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly